# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം "സ്വാതന്ത്ര്യദിനം" (12/8/16)

---

*إِنَّ فِرْعَوْنَ عَلَا فِي الْأَرْضِ وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَائِفَةً مِّنْهُمْ يُذَبِّحُ أَبْنَاءَهُمْ وَيَسْتَحْيِي نِسَاءَهُمْ ۚ إِنَّهُ كَانَ مِنَ الْمُفْسِدِينَ (٤) وَنُرِيدُ أَن نَّمُنَّ عَلَى الَّذِينَ اسْتُضْعِفُوا فِي الْأَرْضِ وَنَجْعَلَهُمْ أَئِمَّةً وَنَجْعَلَهُمُ الْوَارِثِينَ (٥)وَنُمَكِّنَ لَهُمْ فِي الْأَرْضِ وَنُرِيَ فِرْعَوْنَ وَهَامَانَ وَجُنُودَهُمَا مِنْهُم مَّا كَانُوا يَحْذَرُونَ (٦) (قصص)

- നാം വീണ്ടും ഒരു സ്വാതന്ത്ര്യദിന ആഘോഷത്തിന്റെ ഒരുക്കത്തിലാണ്. രാജ്യത്തിന്റെ മുക്കുമൂലകളിൽ പോലും ആഘോഷ പരിപാടികൾ. ഇന്ത്യക്കാർ താമസിക്കുന്ന ലോകത്തെ എല്ലാ പ്രദേശങ്ങളിലും ആഘോഷം.
- അതിഥികളെ സ്വീകരിച്ച പാരമ്പര്യമാണ് നമ്മുടേത്. ക്രിസ്തു/ജൂത മതങ്ങൾ/ഇസ്‌ലാം വന്നപ്പോഴും ജനം സ്വീക രിച്ചു. മാലിക്ബ്നു ദീനാർ പള്ളികൾ പണിതു. എല്ലാം ഇന്നാട്ടുകാരുടെ സഹായത്താൽ.
- ഇതിന് വിപരീതമായി പുറത്ത് പോകണം എന്ന് പറയേണ്ടി വന്നത് ബ്രിട്ടീഷുകാരോട്. അത്ര ഗുരുതരമായി രുന്നു അവർ ചെയ്ത തിന്മകൾ.

1. വർഗീയത വളർത്തി. (ഹിന്ദു-മുസ്ലീംകളെ തമ്മിൽ അകറ്റി. ക്ഷേത്രത്തിൽ പശുക്കളെ കൊന്നിടുക, അത് മുസ്‌ലിംകളാണെന്ന് വരുത്തുക. മസ്ജിദിൽ പന്നികളെ കൊന്നിടുക. ഹിന്ദുക്കളാണെന്ന് പ്രചരിപ്പിക്കു ക./ബ്രിട്ടീഷുകാർഫൈസാബാദ് ഭരിക്കുമ്പോഴാണ് ആദ്യമായി ബാബരീ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നത്).
2. ചരിത്രം വളച്ചൊടിച്ച് വരും തലമുറകളെ പരസ്പരം സംശയാലുക്കളാക്കി ധ്രുവീകരണം വരുത്തി.

   ഉദാ: നിരവധിക്ഷേത്രങ്ങൾക്ക് കരംപോലും ഒഴിവാക്കി ഏക്കറുകൾ പതിച്ച് നൽകിയ ടിപ്പുസുൽത്താനെ ക്ഷേത്ര ധ്വംസകനായി പഠിപ്പിക്കുക....( മറ്റ് ഉദാഹരണങ്ങൾ ചേർക്കാം)
3. സാമ്പത്തീകമായി രാജ്യത്തെ കൊള്ളയടിച്ചു. (രാജ്യത്തെ വിലപിടിച്ച സ്വത്തുകൾ കടത്തികൊണ്ട് പോയി)

- ഇവിധം കടുത്ത തിന്മകൾക്ക് നേതൃത്വം നൽകിയപ്പോൾ അതിനെതിരെ ജനം സംഘടിച്ചു. സമരം ചെയ്തു. ഇതിന് തുടക്കം ഷാഹ് വലിയുല്ലാഹിദ്ദഹ്‌ലവി. എ.ഡി. 1731 ൽ ഹജ്ജിന് പോയപ്പോൾ മക്കയിൽ വെച്ച് സ്വപ്നം കണ്ടു. "നിങ്ങളുടെ രാജ്യത്തെ രക്ഷിക്കാൻ പരിശ്രമിക്കുക." തിരികെ വന്ന് മുസ്‌ലിംകളെയും ഹിന്ദുക്കളെയും സംഘടിപ്പിച്ചു. പിന്നീട് മകൻ ശാഹ് അബ്ദുൽ അസീസുദ്ദഹ്‌ലവി ഇത് ഏറ്റെടുത്തു. അദ്ദേഹം "ഔജേ ഇലാഹി" എന്ന പ്രസ്ഥാനത്തിന് രൂപം നല്കി. അവരുടെ പോരാട്ട ഫലമായി പല പ്രദേശങ്ങളും തിരിച്ച് പിടിച്ചു.
- ദക്ഷിണേന്ത്യയിൽ ഹൈദരലിയും ടിപ്പുവും നേതൃത്വം നൽകി. കേരളത്തിൽ മമ്പുറം തങ്ങളും ഉമർഖാളിയും നേതൃത്വം നൽകി.
- അതിന്റെ ഭാഗമായി 1921 ലെ മലബാർ കലാപം. അവസാനം 1922-ൽ ആലി മുസ്ലിംയാരെ കോയമ്പത്തൂർ ജയിലിൽ തൂക്കിക്കൊന്നു. വാരിയൻകുന്നത്തിനെ മഞ്ചേരിയിൽ വെടിവെച്ചുകൊന്നു. ഇവ്വിധം ഈ സമുദായം ഏറെ ത്യാഗം ചെയ്താണ് സ്വാതന്ത്യം നേടിയത്.

➢പക്ഷേ സ്വാതന്ത്ര്യം നേടി വർഷങ്ങൾ കഴിയുമ്പോൾ അന്ന് ബ്രിട്ടീഷ്കാർ ചെയ്തു കൂട്ടിയ തിന്മകൾ ഇന്ന് വീണ്ടും തിരിച്ചുവന്നിരിക്കുന്നു. വർഗീയത/വിഭാഗീകത/... എല്ലാം. ഇതാണ് പണ്ട് ഫറോവ ചെയ്തത്.

*إِنَّ فِرْعَوْنَ عَلَا فِي الْأَرْضِ وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَائِفَةً مِّنْهُمْ يُذَبِّحُ أَبْنَاءَهُمْ وَيَسْتَحْيِي نِسَاءَهُمْ ۚ ......

(= ആ നാട്ടുകാരെ വിവിധ തട്ടുകളായി/ജാതികളായി/ വിഭാഗങ്ങളായി തിരിച്ചു.)
അന്ന് അത് പരാജയപ്പെട്ടു./ ഇനിയും ഇത് പരാജയപ്പെടുക തന്നെ ചെയ്യും.

وَنُرِيدُ أَن نَّمُنَّ عَلَى الَّذِينَ اسْتُضْعِفُوا فِي الْأَرْضِ وَنَجْعَلَهُمْ أَئِمَّةً وَنَجْعَلَهُمُ الْوَارِثِينَ *وَنُمَكِّنَ لَهُمْ فِي الْأَرْضِ وَنُرِيَ فِرْعَوْنَ وَهَامَانَ وَجُنُودَهُمَا مِنْهُم مَّا كَانُوا يَحْذَرُونَ (قصص ٥,٦)

➢നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. മാനവീകതക്കായി നിലകൊള്ളണം. മറ്റ് ജനങ്ങളോട് മാതൃകാ പെരുമാറ്റം ഉണ്ടാകണം. വർഗീയത വളരാൻ ഇടയാകുന്ന സാഹചര്യം (പ്രസംഗം, പ്രവർത്തനം) ഒഴിവാക്കുക.

2. കുടുംബത്തിൽ കർശനമായും ഇസ്‌ലാമിക ചിട്ടകൾ പാലിക്കുക. എങ്കിൽ വരുംതലമുറക്ക് പുറത്ത് നിന്നുള്ള സാംസ്കാരിക ഭീഷണിയെ നേരിടാനാകും. അകത്ത് ഇസ്‌ലാം ഇല്ലാതായാൽ പുറത്ത് പിടിച്ചു നിൽക്കാനാവില്ല. ഇന്ന് ഇതാണ് സംഭവിക്കുന്നത്.

3. പൊതുവിഷയങ്ങളിൽ സമുദായത്തിന് ഒത്തൊരുമയോടെ നീങ്ങാൻ കഴിയണം. കാട്ടിൽ തീ പരക്കുമ്പോൾ മൃഗങ്ങൾ ഒന്നാകും. പരസ്പരം ആക്രമിക്കില്ല. ഈ സംസ്കാരമെങ്കിലും ഉണ്ടാകണം. ഏക സിവിൽ കോഡ് പോലെയുള്ള കാര്യത്തിൽ ഇതുണ്ടായില്ലെങ്കിൽ കടുത്ത പ്രതിസന്ധിയുണ്ടാകും.

عَنْ أَبِي مُوسَى ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَآلِهِ وَسَلَّمَ : " الْمُسْلِمُ لِلْمُسْلِمِ كَالْبُنْيَانِ يَشُدُّ بَعْضُهُ بَعْضًا (أبوداود)

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ ۚ وَاتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ (حجرات ١٠)

➢അതുകൊണ്ട് സമുദായം നിലനിൽപ് ഭീഷണി നേരിടുമ്പോൾ പൊതുകാര്യങ്ങളിൽ യോജിച്ച് നീങ്ങാൻ കഴിയണം. അല്ലെങ്കിൽ നമ്മുടെ ഭിന്നത ശത്രുക്കൾ ദുരുപയോഗപ്പെടുത്തും.

NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)


തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648


**ജുമുഅക്ക് പ്രസംഗിക്കുന്നതിന് മുമ്പ് പ്രഭാഷണ കുറിപ്പ് സധാരണക്കാരുടെ കൈകളിൽ എത്തുന്നു എന്ന് പരാതി ഉയർന്നിട്ടുണ്ട്. ആകയാൽ (1) പ്രഭാഷണ കുറിപ്പ് സാധാരണക്കാരുള്ള വാട്സ് ആപ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യരുത്,.(2) ഉലമാക്കൾക്ക് വ്യക്തിപരമായി മാത്രം കൈമാറാൻ ശ്രദ്ധിക്കുക.**